**തിരുവനന്തപുരം ജില്ലയിലെ വലിയമലയിൽ ISRO യുടെ LPSC വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച സാമൂഹികാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ധ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട്.**

അംഗങ്ങൾ

1) ശ്രീമതി.എൽ.താരാഭായി : പ്രൊഫസർ (റിട്ട), ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യോളജി, മധുര കാമരാജ് യൂണിവേഴ്സിറ്റി & ചെയർപേഴ്സൺ, വിദഗ്ധ സമിതി.

2) ശ്രീ.പി.കെ.ഭാസ്കരൻ നായർ : പ്രൊഫസർ (റിട്ട), കേരള യൂണിവേഴ്സിറ്റി.

3) ശ്രീ.എസ്. ഇന്ദു കലാധരൻ : ഡെപ്യൂട്ടി കളക്ടർ(റിട്ട.)

4) ശ്രീ.എസ്.ശംഭുദേവൻ നായർ : ഡെപ്യൂട്ടി കളക്ടർ(റിട്ട.)

5) ശ്രീ.പി.ഹരികേശവൻ നായർ : കൗൺസിലർ, വലിയമല വാർഡ്.

6) ശ്രീമതി.ചിത്രലേഖ.എസ്.എൽ : കൗൺസിലർ, മണ്ണൂർക്കോണം.

7) ശ്രീ.മല്ലികാർജ്ജുന റാവു : ഗ്രൂപ്പ് ഹെഡ്, സി.എ.ജി, LPSC.

**സാമൂഹികാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ധസംഘത്തിന്റെ വിലയിരുത്തലും ശിപാർശകളും**

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിലെ വലിയമലയിൽ ISRO യുടെ LPSC വികസനത്തിനായി കരിപ്പൂർ വില്ലേജിലെ 28, 29, 30, 31, 244, 245, 247, 248, 249, 250, 269, 270, 271 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട ഏകദേശം 2739.04 ആർ (67.68 ഏക്കർ) ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹികാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹികാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനുമായി 03.09.2018 ലെ G.O(P)No.56/2018/RD പ്രകാരം രാജഗിരി ഔട്ട് റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് എന്ന സ്ഥാപനത്തെ നിയോഗിച്ചിരുന്നു. ടി സ്ഥാപനം തയ്യാറാക്കി സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ പ്രാഥമിക പരിശോധനയിൽ നിലവിലുള്ള ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്ന് സംഘം വിലയിരുത്തി.

നെടുമങ്ങാട് - വിതുര റൂട്ടിൽ പാലം ജംഗ്ഷനിൽ നിന്നും കരിപ്പൂർ വില്ലേജാഫീസിനു സമീപത്തുകൂടി ചീരംകോട് റോഡിൽ 1.4 K.M മാറി N.S.S കരയോഗ മന്ദിരത്തിന്റെ വടക്കു ഭാഗത്തായി 1967.27 ആറും, നെടുമങ്ങാട് - വിതുര റൂട്ടിൽ മല്ലമ്പ്രക്കോണം ജംഗ്ഷനിൽ794.91

ആറ്റും റോഡിനോട്ടു ചേർന്ന് നിലവിലുള്ള LPSC യുടെ പ്രധാന കവാടത്തിനു സമീപമാണ് ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ള ഭൂമി. നിലവിൽ ISRO യുടെ LPSC സെന്റർ പ്രവർത്തിക്കുന്ന 260.50 ഏക്കർ വിസ്തീർണ്ണമുള്ള സ്ഥലത്തിനോട് ചേർന്നു കിടക്കുന്ന 67.68 ഏക്കർ ഭൂമിയാണ് LPSC യുടെ വികസനത്തിനായി ഏറ്റെടുക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്തിന്റെ വർദ്ധിച്ചുവരുന്ന സാങ്കേതിക സൗകര്യങ്ങളുടെ വികസനത്തിന് സഹായകമാകുന്ന ISRO യുടെ വലിയമല കാമ്പസിലെ LPSC യുടെ വികസനത്തിനായുള്ള ഭൂമിയേറ്റെടുക്കൽ പദ്ധതി അത്യന്താപേക്ഷിതമാണെന്ന പഠന സംഘത്തിന്റെ കണ്ടെത്തലിനോട് വിദഗ്ധസംഘം പൂർണ്ണമായും യോജിക്കുന്നു. നിലവിലുള്ള പരിമിതമായ ഭൗതിക സാഹചര്യത്തിൽ നിന്നുകൊണ്ട് പ്രസ്തുത സ്ഥാപനത്തിന് കൂടുതൽ ഗവേഷണങ്ങളും വികസനങ്ങളും അസാദ്ധ്യമാണെന്ന് സ്ഥലപരിശോധനയിലും വിദഗ്ധ സംഘത്തിന് ബോദ്ധ്യപ്പെട്ടു.

നിലവിലുള്ള ISRO യുടെ LPSC കേന്ദ്രത്തോട് ചേർന്ന് കിടക്കുന്ന നിർദ്ദിഷ്ടഭൂമിതന്നെയാണ് ഈ പദ്ധതിയ്ക്ക് ഏറ്റവും അനുയോജ്യമെന്ന പഠന സംഘത്തിന്റെ കണ്ടെത്തലിനോടും വിദഗ്ധസംഘം യോജിക്കുന്നു. ഇതിനാവശ്യമായ ഏറ്റവും കുറഞ്ഞ തോതിലുള്ള ഭൂമി മാത്രമാണ് ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും സംഘത്തിന് ബോദ്ധ്യപ്പെട്ടു.

ദേശീയ പുരോഗതി എന്ന പൊതു ആവശ്യത്തിനായുള്ള പദ്ധതി നിർവ്വഹണത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ സമൂഹത്തിനുണ്ടാകുന്ന നേട്ടങ്ങൾ പദ്ധതി ബാധിതർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങളേക്കാൾ വളരെ വലുതാണെന്നും സംഘം വിലയിരുത്തി.

***ഈ സാഹചര്യത്തിൽ രാജ്യപുരോഗതിയ്ക്കായുള്ള പദ്ധതിയ്ക്കായി കരിപ്പൂർ വില്ലേജിലെ നിർദ്ദിഷ്ട 67.68 ഏക്കർ ഭൂമി ഏറ്റെടുക്കാവുന്നതാണെന്ന് സംഘം ശിപാർശ ചെയ്യുന്നു.***

ഇതോടൊപ്പം താഴെ പറയുന്ന കാര്യങ്ങളിൽ കൂടി സർക്കാർതലത്തിൽ സമുചിതമായ തീരുമാനം കൈക്കൊള്ളണമെന്നും സംഘം ശിപാർശ ചെയ്യുന്നു.

1. കാലതാമസം കൂടാതെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2. പദ്ധതി പ്രദേശത്തു നിന്നും കുടിയൊഴിപ്പിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസത്തിനായുള്ള നടപടികൾ ഭൂമി ഏറ്റെടുക്കുന്നതിനോടൊപ്പം തന്നെ സമയബന്ധിതമായി സ്വീകരിക്കുക.

3. നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും പാക്കേജിനും വിധേയമായി എത്രയും വേഗം നഷ്ടപരിഹാരം വിതരണം ചെയ്യുക.

4. വസ്തു സംബന്ധമായി റീസർവ്വേയിൽ വന്നിട്ടുള്ള അപാകതകൾ പദ്ധതിബാധിതർക്ക് മുൻഗണന നല്കി അടിയന്തിരമായി പരിഹരിച്ചശേഷമായിരിക്കണം ഭൂമി ഏറ്റെടുക്കലും നഷ്ടപരിഹാര വിതരണവും നടത്തേണ്ടത്.

5. പദ്ധതിപ്രദേശത്തെ കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബാംഗങ്ങൾക്ക് പദ്ധതിയുടെ ബന്ധപ്പെട്ട ജോലികളിൽ മുന്തിയ പരിഗണന നല്കുന്നതിനായി ടെൻഡറിൽ വ്യവസ്ഥ ഉറപ്പാക്കുക.

25-2-2019

ചെയർ പേഴ്സൺ

25.02.2019